# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *82 — 25.01.2018 ലെ മറുപടിയ്ക്ക്.

## പഠന മുറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.സി.മമ്മൂട്ടി,,<br>പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വീടിനോടനുബന്ധമായി പഠന മുറികൾ നിർമ്മിച്ച നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്കായി വീടിനോടൊപ്പം 120 സ്ക്വയർഫീറ്റ് വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കുന്നതിന് 30.12.2017-ലെ സ.ഉ.(പി) നം. 13/2017/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കുമോ; | (ബി) & (സി) | രണ്ട് ലക്ഷം രൂപ നിരക്കിൽ 5000 പഠനമുറി നിർമ്മിക്കുന്നതിന് 100 കോടി രൂപ 2017-18 വർഷം വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി പ്രകാരം ഇതിനകം എത്ര പഠനമുറികൾ നിർമ്മിച്ച നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ.